**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 957** **06-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുകുളങ്ങൾ നവീകരിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ക്ഷേത്ര കുളങ്ങൾ ഉൾപ്പെടെ പൊതുകുളങ്ങൾ നവീകരിക്കുന്നതിന് എം.എൽ.എ. ഫണ്ട് വിനിയോഗിക്കുമ്പോൾ വാട്ടർ ഷെയർ എഗ്രിമെന്റ് തയ്യാറാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുകുളങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള ക്ഷേത്രക്കുളങ്ങൾ ഉൾപ്പെടെയുള്ള കുളങ്ങളുടെ നവീകരണം വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ജലസേചന വകുപ്പിനു കീഴിൽ നവീകരിച്ചുവരുന്നു. ആയതിനു വാട്ടർ ഷെയർ എഗ്രിമെന്റ് ആവശ്യമില്ല. എന്നാൽ ക്ഷേത്രക്കുളങ്ങൾ നവീകരി ക്കേണ്ടി വരുമ്പോൾ ആവശ്യമായ വാട്ടർ ഷെയർ എഗ്രിമെന്റിന്റെ തയ്യാറാക്കുന്നതി നായി ഉൾക്കൊള്ളിക്കേണ്ട വ്യവസ്ഥകൾ ഉൾപ്പെടുത്തി കരട് മാതൃക അടിയന്തിരമായി സമർപ്പിക്കുവാൻ ചെറുകിട ജലസേചന വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥകൾ ക്രോഡീകരിച്ച് മാതൃക ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത കാലതാമസം പരിഹരിക്കുന്നതിനു അടിയന്തര നടപടി സ്വീകരിക്കാമോ? | (ബി) | കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുകുളങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള ക്ഷേത്രക്കുളങ്ങൾ ഉൾപ്പെടെയുള്ള കുളങ്ങളുടെ നവീകരണം വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ജലസേചന വകുപ്പിനു കീഴിൽ നവീകരിച്ചുവരുന്നു. ആയതിനു വാട്ടർ ഷെയർ എഗ്രിമെന്റ് ആവശ്യമില്ല. എന്നാൽ ക്ഷേത്രക്കുളങ്ങൾ നവീകരി ക്കേണ്ടി വരുമ്പോൾ ആവശ്യമായ വാട്ടർ ഷെയർ എഗ്രിമെന്റിന്റെ തയ്യാറാക്കുന്നതി നായി ഉൾക്കൊള്ളിക്കേണ്ട വ്യവസ്ഥകൾ ഉൾപ്പെടുത്തി കരട് മാതൃക അടിയന്തിര മായി സമർപ്പിക്കുവാൻ ചെറുകിട ജലസേചന വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥകൾ ക്രോഡീകരിച്ച് മാതൃക ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ